
തൂലിക

ഞങ്ങളുടെ
ഭാവനലോകത്തിലേക്ക്

# സ്വാഗതം


ST. ANTONY'S GHS SOUTH THANISSERY

# സമർപ്പണം

ഞങ്ങൾക്കു മുമ്പേ

നടന്നവനേ..........

ഞങ്ങൾക്കൊപ്പം നിന്നവനേ.............

നക്ഷത്രങ്ങൾ പൊഴിയുകയും

സൂര്യൻ അസ്തമിക്കുകയും

ചെയ്യുന്ന ചരിത്ര

നിമിഷങ്ങളിൽ കാലിടറാതെ

നില്ക്കണമെന്ന് പഠിപ്പിച്ചവനെ............

പുതിയൊരു യുഗത്തെ പ്രതീക്ഷിച്ച്

ഈ മാഗസിൻ

നിനക്കുമുമ്പിൽ

സമർപ്പിക്കുന്നു..........!

# എഡിറ്റോറിയൽ ബോർഡ്

അഖാൻഷ

സ്നേഹ

അലോക്ക്

ആതിര

നിഹിത

സ്വപ്ന

ജിസ്മരിയ

അന്ന

അനീന

ഐറിൻ

താളുകളിലൂടെ............


അമ്മമാനസം ....1

മഞ്ഞുതുള്ളി ....2

പൂമ്പാറ്റ ....3

ഒരു കുട്ടുക്കപ്പൊന്നുതരാം ....4

വായനക്കുറിപ്പ് ....5

കരളുറപ്പുള്ള കേരളം ....7

First Showers ....8

ചിത്രങ്ങൾ ....9



## അമ്മ മാനസം

അമ്മ തൻ മടിയിലിരുത്തി,
ലാളിച്ചൊരെൻ പൊന്നോമൽ
പിച്ചവെയ്ക്കും മുമ്പ് അമ്മ -
എന്നുരുവിട്ടു പൈതൽ.




അമ്മിഞ്ഞപാലിൻ പരിണം,
ളുകുന്ന ഉണ്ണിയുടെ പുഞ്ചിരി-
വിടർന്ന വദനം കാണാൻ
ഹാ! എന്തു ഭംഗി.

ഉണ്ണി പിച്ചവെയ്ക്കും നേരം,
അമ്മതൻ നെഞ്ചിടിക്കുന്നു.
ഉണ്ണി കരഞ്ഞാൽ
അമ്മ പരിഭ്രമിക്കുന്നു.

ഇത്രയധികം നമ്മെ സ്നേഹിച്ച
പല അമ്മമാനസങ്ങളെയും
നാമിൻ  വൃദ്ധ-
സദനങ്ങളിൽ കാണുന്നു.

# മഞ്ഞുതുള്ളി

പ്രഭാതത്തിലെ രാജ്ഞി നീ
മിഥ്യപോലെന്നും രാവിൽ
ആരോടും മിണ്ടാതെ വന്നു നീ



പ്രകൃത്യംബയുടെ ദ്രവ്യം നീ
സൂര്യകിരണങ്ങളാൽ നീ
ശോഭിക്കുമ്പോൾ
വജ്രക്കല്ലിൻ വെൺമയെഴും
പുൽനാമ്പിൽ നീ
മരതകകല്ലുപോൽ
നിന്നിൽ നിറയുമ്പോൾ
പുതുലോകം ഞാൻ കാണുംപോൽ
രാവിന് വന്ദനം ചൊല്ലിവന്നുനീ
നിന്നെ കാണാതെ മടങ്ങുമ്പോൾ
എന്നുള്ളിൽ ഖിന്നത
തിങ്ങി നിൽപ്പൂ....

# പൂമ്പാറ്റ



പൂവിലിറങ്ങും  പൂമ്പാറ്റേ
പൂമ്പാറ്റേ
പൂന്തേൻ ഉണ്ണും പൂമ്പാറ്റേ
എന്തൊരു വർണം നിൻചിറക്
എന്തൊരു ചന്തം നിൻചിറക്
എന്നും നിന്നുടെ കൂടെകളിക്കാൻ
എന്നെ കൂടെ വിളിക്കാമോ
ചുറ്റി നടക്കും പൂമ്പാറ്റേ
ഓടാം ചാടാം ഇളംവെയിലിൽ

അഭിരാമി MP

# ഒരു കുടുക്കപ്പൊന്നുതരാം

"ഒരു കുടുക്കപ്പൊന്നുതരാം
ചൊന്നിട്ട പെട്ടകം പൂട്ടീംതരാം
പൂട്ടാത്താക്കോലൊളിച്ചു തരാം
പെണ്ണിനെ തരുമോ വാണികളേ?"
"ഒരു കുടുക്ക പൊന്നും വേണ്ട
ചൊന്നിട്ട പെട്ടകം പൂട്ടീം വേണ്ട
പൂട്ടാത്താക്കോലൊളിച്ചും വേണ്ട
പെണ്ണിനെത്തരില്ല വാണികളെ"
"ഒരോന്നായ് കെട്ടുപ്പത്തു പൊന്നു തരാം
ചൊന്നിട്ട പെട്ടകം പൂട്ടീം തരാം
പൂട്ടാത്താക്കോലൊളിച്ചു തരാം
"ഇന്നാള്ള ചോദിച്ച പെണ്ണിനെ തരുമോ"
ഒരോന്നായെക്കുടുപ്പത്തു പൊന്നും വേണ്ട
ചൊന്നിട്ട പെട്ടകം പൂട്ടീം വേണ്ട
ഞങ്ങൾക്കിവിടെ പെണ്ണില്ല".





# വായനാക്കുറിപ്പ്

ചെറുകഥാകൃത്തും നോവലിസ്റ്റുമായ ബെന്യമിൻ കേരളത്തിലെ പത്തനംതിട്ട സ്വദേശിയാണ്. കേരളത്തിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന നജീഹഗബ് എന്ന വ്യക്തിയുടെ ജീവിതാനുഭവം വിവരിക്കുകയാണ് 'ആടുജീവിത'ത്തിൽ.

ഒരു സമൂഹത്തിന്റെ ബന്ധു വഴി കിട്ടിയതൊഴിൽ വിസയിലാണ് നജീബ് സൗദി അറേബ്യയിലേക്കു പോയത്. കൂടെ,അതേ വഴിക്കു വിസ കിട്ടിയ ഹക്കീം എന്ന കൂട്ടുകാരനും ഉണ്ടായിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ അവർ വിമാനതാവളത്തിൽ ആരെയോ അന്വേഷിച്ചു നടക്കുന്നതായി തോന്നിയ ഒരു അറബിയെ കണ്ടുമുട്ടുകയും സ്പോൺസറാണെന്ന് തെറ്റിദ്ധരിച്ച് അയാളുടെ കൂടെ പോവുകയും ചെയ്തു. അവർ എത്തിപ്പെട്ടത് മസ്റ എന്നറിയപ്പെടുന്ന രണ്ട് വ്യത്യസ്ത തോട്ടങ്ങളിലായിരുന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളേയും ഒട്ടകങ്ങളേയും പരിപാലിച്ചുകൊണ്ടുള്ള വിശ്രമമില്ലാത്ത ജീവിതമായിരുന്നു മസറയിൽ നജീബിനെ കാത്തിരുന്നത്. നജീബ് എത്തിയപ്പോൾ അവിടെ മറ്റൊരു വേലകാരൻ കൂടി ഉണ്ടായിരുന്നു. വർഷങ്ങൾ നീണ്ടുനിന്ന അടിമപ്പണി അയാളെ ഒരു 'ഭീകരരൂപി' ആക്കി മാറ്റിയിരുന്നു. നജീബ് വന്ന് കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം മരണപ്പെട്ടു. തുടർന്ന മസറിലെ മുഴുവൻ ജോലികളും നജീബിന് തന്നെ ചെയ്യേണ്ടിവന്നു. ദുർഗന്ധം വമിക്കുന്ന പച്ചപ്പാലും, കുബ്ബൂസ് എന്ന അറബി റൊട്ടിയും ചുരുങ്ങിയ അളവിൽ വെള്ളവും മാത്രമായിരുന്നു ഭക്ഷണം. താമസിക്കൽ മുറിയോ, കിടക്കയോ, വസ്ത്രമോ,

കുടിക്കുന്നതിനോ മറ്റെന്തെങ്കിലും തരത്തിലുള്ള ശുചിത്വപാലനത്തിനോ ഉള്ള സാഹചര്യമോ ഉണ്ടായിരുന്നില്ല. ഏറെ അകലെയല്ലാത്ത മറ്റൊരു മസറയിൽ അതേ സാഹചര്യങ്ങളിൽ ജോലി ചെയ്തിരുന്ന ഹക്കീമിനെ നജീബ് കാണുന്നത് അറബിക്ക് ഇഷ്ടമായിരുന്നില്ല. മദർനം സ്ഥിരമായിരുന്നു. അങ്ങനെയൊരിക്കൽ ഹക്കിമിന്റെ കൂടെ ഒരു ഇസ്മയിൽ എന്നൊരാളും കൂടി. അവരെല്ലാം ആ നരഗജീവിതത്തിൽ നിന്ന് രക്ഷപ്പെടാൻ തിരുമാനിച്ചു. ഒരിക്കൽ അവരുടെ മൂത്ത അറബാബിന്റെ മകളുടെ വിവാഹത്തിനായി അറബാബെല്ലാം പോയപ്പോൾ ഇവര് മൂവരും അവിടെ നിന്ന് രക്ഷപ്പെട്ടോടി.എന്നാൽ മരുഭ്രമിയിൽ അകപ്പെട്ട് വിശപ്പും ദാഹവും സഹിച്ച് ഹക്കീം മരണപ്പെട്ടു. അകലെ മരപച്ച കണ്ടപ്പോൾ ആഹ്ലാദത്താൽ ഓടി വിശപ്പും ദാഹവും മാറ്റിയശേഷം ഉറങ്ങി ഉണർണപ്പോൾ കൂടെയുള്ള ഇസ്മായലിനെ കാണുന്നുണ്ടായിരുന്നില്ല. ഭാഗ്യവശാൽ നാട്ടിലെ പരിചയകാരനായ കുഞ്ഞക്കായുടെ കടയിലെത്തി. അവിടെ നിന്ന് ആരോഗ്യം വീണ്ടെടുത്തശേഷം നാട്ടിലേക്ക് മടങ്ങാൻ പോലീസിൽ പിടികൊടുത്തു. സ്റ്റേഷനിൽ എത്തിയ അറബി അവനെ കണ്ടെങ്കിലും മറ്റൊരാളുടെ വിസയിൽ വന്നതിനാൽ കൊണ്ടുപോകാനായില്ല. അങ്ങനെ തടവിൽ നിന്ന് 80 പേർ നാട്ടിലേക്ക് മടങ്ങിയതിനൊപ്പം നജീബും നാട്ടിലേത്തി സുഖജീവിതം വീണ്ടെടുത്തു.

# കരളുറപ്പുള്ള കേരളം

അന്നൊരു മഴ വന്നേ....
മഴയതിൽ മിഴിതുറന്നേ....
പുഴയതിൽ വഴി തടഞ്ഞേ
മണ്ണ് എങ്ങോ മറഞ്ഞെ



മരണമാർന്നിട്ടും നാളിൽ
എല്ലാരും ഒന്നായി നിന്ന്
പാറിട്ടും ശലഭമായി മാറിട്ടും
പുതുലോകമായ്
നന്മയുള്ള ലോകമേ കാത്തിരുന്ന
കാണുക കരളുടഞ്ഞു വീണിടിലും
കരളുറപ്പുള്ള കേരളം

ഒരു കൈതരാംഞങ്ങൾ
ഒന്നായി വരാം
ഉയരണം ഇനി എന്റെ
നാട് അരുമ കുഞ്ഞിനെപോലെ
അടിവച്ചടിവച്ച്

മണ്ണടിഞ്ഞ ഓരോ കിനാവും
വീണ്ടും വീണ്ടുമുണരട്ടെ
ചിറകാർന്നു പാറട്ടെ മേലെ
ചാരകത്തിൽ നിന്നും പറന്നു
യകുന്ന പക്ഷികളെപോലെ
മുമ്പോട്ടുനാളെ

തകർന്ന ഓർമ്മയുടെ ശിഖരങ്ങളിൽ
നിന്നുള്ള പുതുനാമ്പിൽ പ്രതീ-
ക്ഷകൾ നെയ്യുന്നു ഞങ്ങൾ

# FIRST SHOWER



As I returned from my workplace
Cool drops kissed my parched face.
Soon the first showers caught me unawares
And soaked me,soothing my frayed nerves.
The weary lines did it promptly erase
Of daylong heat and fatigue from my visage.
Wet clothes clung to my body like am infant
To its mother's bosom; unsteady my gait.
The dusty trees stood bathed in an instant
Dressed in washed green looked magnificent.
The scented earth resplendent in dampened glory
Sucked in dust giving respite to the travellers weary.
To thank the Rain God I looked up in the sky
More drops drenched me on the sly.
Marvelling at this wonderful gift of nature
I hurried home wading through the gurgling water.

Nalini Sharma


4to40




Nehemiah


Benton





ഈ മാഗസീൻ
യാഥാർത്ഥ്യമാക്കിയ
എല്ലാവർക്കും
നന്ദി..........